F-FOLDER




ST.DOMINIC'S HSS KANJIRAPALLY

## ആമുഖം

പൗരാണികവും പ്രശസ്തവുമായ ചരിത്രമുറങ്ങുന്ന സാംസ്കാരിക ഭൂമിയാണ് കാഞ്ഞിരപ്പള്ളി. ക്രിസ്തുവർഷാരംഭം മുതൽ, ൧൦-ാം നൂറ്റാണ്ടു വരെ, കാഞ്ഞിരപ്പള്ളിയുൾപ്പടെയുള്ള കിഴക്കൻപ്രദേശങ്ങൾ, ചേരസാമ്രാജ്യത്തിൽപ്പെട്ടിരുന്നതായി, പറയപ്പെടുന്നു. പിന്നീട്, ൧൦ മുതൽ ൧൪ വരെയുള്ള നൂറ്റാണ്ടുകൾക്കിടയിൽ, കാഞ്ഞിരപ്പള്ളി പഴയ പേട്ടമുതൽ, നെല്ലിമല വരെ, (ഒന്നാം മൈൽ) തമിഴ് ചെട്ടിമാരുടെ കേന്ദ്രമായിരുന്നു. നെല്ലിമലയിൽ 'കാഞ്ചനപ്പള്ളി' എന്ന ക്ഷേത്രമുണ്ടായിരുന്നുവെന്നും, കാഞ്ചനപ്പള്ളി കനകം വിളയിക്കുന്ന മണ്ണായതുകൊണ്ട്, കാലാന്തരത്തിൽ കനകപ്പള്ളിയായി മാറി. ഇക്കാലയളവിൽ നിലയ്ക്കൽ ഭാഗത്തുനിന്നും ഇവിടെയെത്തിയ നസ്രാണി പൂർവ്വികർ തങ്ങളുടെ മതാത്മകതയുടെ ഭാഗമായി നിർമ്മിച്ച പള്ളിയ്ക്ക് കാഞ്ഞിരം തടികൊണ്ടുള്ള കതക് നിർമ്മിക്കുകയും, പ്രസ്തുത പള്ളി കാഞ്ഞിരപ്പള്ളി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. അങ്ങനെ കനകപ്പള്ളി കാലാന്തരത്തിൽ കാഞ്ഞിരംപള്ളി എന്ന നാമമായി പരിണമിച്ചു.



F-FOLDER

ST.DOMINIC'S HSS KANJIRAPALLY

## ഭൗതീകസാഹചര്യങ്ങൾ

ഒന്നു മുതൽ 10 വരെ ക്ലാസുകളിലായി 1144 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. ഇവരിൽ 725 പേർ ആൺകുട്ടികളും 419 പേർ പെൺകുട്ടികളുമാണ്. എൽ.പി. വിഭാഗത്തിൽ 8 ഡിവിഷനുകളും, യു.പി. വിഭാഗത്തിൽ 10 ഡിവിഷനുകളും, എച്ച്.എസ്. വിഭാഗത്തിൽ 14 ഡിവിഷനുകളുമാണുള്ളത്. എൽ.പി. വിഭാഗത്തിൽ 8 അധ്യാപകരും, യു.പി. വിഭാഗത്തിൽ 11 അധ്യാപകരും എച്ച്.എസ്. വിഭാഗത്തിൽ 22 അധ്യാപകരും ഹെഡ്മാസ്റ്റർ-1, ഓഫീസ് ക്ലർക്ക് -1, ഓഫീസ് അസിസ്റ്റൻസ് 2, എഫ്.റ്റി.എം. 2 എന്നിവർ സേവനമനുഷ്ഠിക്കുന്നു.

എൽ.പി. വിഭാഗത്തിന് രണ്ടുകെട്ടിടങ്ങൾ ഉണ്ട്. യു.പി. വിഭാഗം ഹൈസ്കൂൾ ക്ലാസുകൾ നടത്തുന്ന പ്രധാന കെട്ടിടത്തിന്റെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്നു. ലൈബ്രറി - 1, സയൻസ് ലാബ് - 1, കമ്പ്യൂട്ടർ ലാബ് - 1, 60 കോൺഫറൻസ് ഹാൾ, സ്കൂൾ സൊസൈറ്റി ഓഫീസ് -1, സ്കൂൾ ഓഫീസ് -1, ഹെഡ്മാസ്റ്ററുടെ ഓഫീസ് -1, സ്റ്റാഫ് റൂം -3, മൾട്ടിമീഡിയ റൂം - 1, സ്പോർട്ട്സ് റൂം-1, എസ്.പി.സി. റൂം -1, എൻ.സി.സി. റൂം-1 തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. 20 X 20 എന്ന വലുപ്പത്തിലാണ് ക്ലാസ് മുറികൾ സംവിധാനം ചെയ്തിരിക്കുന്നത്.

ആധുനിക സൗകര്യങ്ങളോടെ സജ്ജമാക്കിയിരിക്കുന്ന ബാസ്ക്കറ്റ് ബോൾ കോർട്ടും, സ്കൂൾ ഗ്രൗണ്ടും, കുട്ടികളുടെ കായിക കഴിവുകളെ വികസിപ്പിക്കാനുള്ള സാധ്യതകൾ പ്രധാനം ചെയ്യുന്നു.

14 ക്ലാസ്റൂമുകൾ ടൈലുകൾ പാകി, ജനാലകൾ ഗ്രില്ല് ചെയ്ത്, സ്മാർട്ട് ക്ലാസ് റൂം- ആക്കിക്കൊണ്ടിരിക്കുന്നു. ലാപ്ടോപ്പ്, പ്രൊജക്ടർ തുടങ്ങിയവ സുരക്ഷിതമായി സൂക്ഷിക്കാനുള്ള ബോക്സുകൾ സ്ഥാപിച്ച്, Ekecrification നടത്തി, സ്മാർട്ട് ക്ലാസിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ വിധത്തിൽ ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

കുട്ടികൾക്കായി ശുചിത്വമുള്ള 28 ശൗചാലയങ്ങളാണുള്ളത്. ഇതിൽ, ആൺകുട്ടികൾക്കായി 15 ടോയ്ലറ്റുകളും, 25 യൂറിനൽസും, പെൺകുട്ടികൾക്കായി girl friendly ടോയിലറ്റുകളും ക്രമീകരിച്ചിരിക്കുന്നു. എൽ.പി. വിഭാഗത്തിൽ, ഭിന്നശേഷി വിദ്യാർത്ഥികൾക്കായി RAMP ഉണ്ട്. സ്കൂൾ കെട്ടിടത്തിലെ സ്റ്റെയർകേസുകൾ റെയിലോടുകൂടിയതാണ്. ആധുനികസംവിധാനത്തോടെയുള്ള girl friendly ടോയിലറ്റിന്റെ പണികൾ നടന്നുവരുന്നു.

സൗകര്യപ്രദമായ നല്ല ഒരു പാചകപ്പുരയുണ്ട്. ഇന്ധനമായി ഗ്യാസ് ഉപയോഗിക്കുന്നു. ഭക്ഷണം വിളമ്പുന്നതിനും, പാത്രങ്ങൾ കഴുകുന്നതിനും, വെയിസ്റ്റ് നിക്ഷേപിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ട്. പാചകജോലിക്കായി സ്ഥിരമായി 2 പേർ ഉണ്ട്.

ആകർഷകമായ ചെറിയ ഉദ്യാനവും, നട്ടുപിടിപ്പിച്ചിരിക്കുന്ന അലങ്കാരവൃക്ഷങ്ങളും, സ്കൂൾ പരിസരത്തെ ഹരിതാഭവും കുളിർമയുള്ളതുമാക്കുന്നു. ഔഷധസസ്യങ്ങളും പച്ചക്കറികളും, പുഷ്പലതാദികളുമുള്ള ജൈവവൈവിധ്യ ഉദ്യാനത്തിൽ പാറിനടക്കുന്ന ചിത്രശലഭങ്ങളും, തുമ്പികളും, വിവിധയിനം പക്ഷികളും പരിസ്ഥിതി സൗഹാർദ്ദത്തിൽ വളർന്നുവരുവാൻ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നു.

ശുദ്ധജലവിതരണത്തിനുള്ള സൗകര്യങ്ങൾ എല്ലാ നിലയിലും ക്രമീകരിച്ചിരിക്കുന്നു. ഒരു വലിയ കിണർ, ഒരുകുഴൽകിണർ എന്നിവയാണ് ഇവിടുത്തെ പ്രധാനജലസ്രോതസ്സുകൾ.

സ്കൂൾ കോമ്പൗണ്ടിലുള്ള നാലുനില കെട്ടിടത്തിൽ, ഹയർസെക്കണ്ടറി വിഭാഗം പ്രവർത്തിക്കുന്നു. പ്രിൻസിപ്പളിന്റെ റൂം-1, ഓഫീസ് റൂം-1, സ്റ്റാഫ് റൂം-1, ഓഡിറ്റോറിയം-1, ഓപ്പൺ സ്റ്റേജ് -1, കോൺഫറൻസ് ഹാൾ-1, കെമിസ്ട്രി ലാബ്-1, ഫിസിക്സ് ലാബ്-1, ബോട്ടണി ലാബ്-1, 35 ടോയ്ലറ്റുകൾ എന്നിവയാണ് ഹയർസെക്കണ്ടറി സ്കൂളിലെ ഭൗതീക സാഹചര്യങ്ങൾ. ആകെയുള്ള '8' ക്ലാസ് റൂമുകളഇൽ 3 എണ്ണവും സ്മാർട്ട് ക്ലാസ് റൂമുകളാണ്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് എന്നീ ബാച്ചുകളഇലായി 482 കുട്ടികൾ പഠിക്കുന്നു. പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ 20 അധ്യാപകരും, 4 ഓഫീസ് സ്റ്റാഫുകളും സേവനം അനുഷ്ഠിക്കുന്നു. എല്ലാ വർഷവും ഏറ്റവും കൂടുതൽ A+ കരസ്ഥമാക്കി, അക്കാദമിക് നിലവാരത്തിലും സംസ്ഥാനമത്സരങ്ങളിൽ കലാശാസ്ത്രസാമൂഹ്യശാസ്ത്രരംഗത്ത് മാറ്റുരയ്ക്കുന്ന വിജയം കരസ്ഥമാക്കി പാഠ്യേതര രംഗത്തും, മുൻനിരയിൽ നിൽക്കുന്ന ഈ വിദ്യാലയം, കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അഭിമാനസ്ഥാപനമാണ്.

സ്കൂൾ വാർഷികാഘോഷം, സ്കൂൾ പി.റ്റി.എ. ഭരണസമിതി, ജനറൽ ബോഡി രക്ഷാകത്തൃസമ്മേളനം, ഓണാഘോഷം എന്നിവ ഹയർസെക്കണ്ടറി വിഭാഗവും ഹൈസ്കൂളും കൂടി സംയുക്തമായി നടത്തുന്നു. അത്യാവശ്യസന്ദർഭങ്ങളിൽ, ഹയർസെക്കണ്ടറി മന്ദിരത്തോടനുബന്ധിച്ചുള്ള ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ, ഓപ്പൺസ്റ്റേജ് എന്നിവ എൽ.പി., യു.പി, ഹൈസ്കൂൾ വിഭാഗങ്ങളും പ്രയോജനപ്പെടുത്തുന്നു.

3.52 ഏക്കർ വിസ്തൃതിയുള്ള സ്കൂൾ കോമ്പൗണ്ട്, ചുറ്റുമതിൽ കെട്ടി സുരക്ഷിതമാക്കിയിരിക്കുന്നു. പ്രധാനപ്രവേശനകവാടത്തിൽ ഗെയ്റ്റും, സ്ഥാപിച്ചിരിക്കുന്നു. സ്കൂളിലേക്കുള്ള പാത ടാറിട്ട്, വശങ്ങളിൽ ചെടികൾ നട്ട്, മനോഹരമാക്കിയിരിക്കുന്നു. സ്കൂൾ കെട്ടിടത്തിന്റെ പിൻഭാഗത്തെ ഗെയിറ്റും, ഗ്രില്ലും സ്കൂളിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി എത്തുന്ന കുട്ടികളുടെ യാത്ര സൗകര്യപ്രദമാക്കുവാൻ രണ്ട് സ്കൂൾ ബസുകളും, വണ്ടി ഷെഡും ഉണ്ട്.

കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് ഹയർസെക്കണ്ടറിസ്കൂൾ, ഒട്ടനവധി രാഷ്ട്രീയ - സാമൂഹിക-സാംസ്ക്കാരിക സംഗമത്തിനുള്ള വേദിയൊരുക്കുന്നു. സർക്കാരിന്റെയും, പൊതുവിദ്യാഭ്യാസവകുപ്പിന്റെയും, യൂണിവേഴ്സിറ്റികളുടെയും പരീക്ഷാകേന്ദ്രങ്ങൾ, എസ്.എസ്.എൽ.സി മൂല്യനിർണ്ണയക്യാമ്പുകൾ, ഉപജില്ല-ജില്ല-സംസ്ഥാനതല കലോത്സവ, ശാസ്ത്രമേളകൾ, പഞ്ചായത്ത് - നിയമസഭാ വോട്ടെണ്ണൽ കേന്ദ്രം, സ്കൗട്ട് & ഗൈഡ്, എൻ.സി.സി., എസ്.പി.സി; ദീപികബാലജനസഖ്യം, കെ.സി.എസ്.എൽ. എന്നിവയുടെ ക്യാമ്പുകൾ, ഗ്രാമപഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും വിവിധ സംരംഭങ്ങൾ, അധ്യാപകരുടെ ക്ലസ്റ്റർ ട്രെയിനിംഗ്, അവധിക്കാല പരിശീലനം, ദേശീയവും സാമൂഹികവുമായ വിവിധ ദിനാചരണങ്ങൾ, വിദ്യാഭ്യാസവകുപ്പിന്റെ വിവിധ പരിപാടികൾ, ഹെഡ്മാസ്റ്റർ കോൺഫ്രൻസുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് പട്ടണകേന്ദ്രത്തിലെ സ്ഥാപനമെന്നനിലയിൽ, ഈ സ്കൂൾ മുഖ്യപങ്ക് വഹിക്കുന്നു.

ചുരുക്കത്തിൽ, വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്കും, പൊതുവായ അച്ചടക്കത്തിനും തടസ്സം വരാത്ത രീതിയിൽ, വർഷത്തിലെ 365 ദിവസവും, ഗുണഭോക്താക്കൾക്കായി സൗകര്യമൊരുക്കുന്ന ഈ വിദ്യാലയം കാഞ്ഞിരപ്പള്ളിയുടെ മതസൗഹാർദ്ദത്തിന്റെയും സാംസ്കാരിക വികസനത്തിന്റെയും ഹൃദയമായി പ്രവർത്തിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്


തോമസ്  ജേക്കബ്

ഡാനി പോൾ

ജോബി ജോസഫ്

അനിറ്റ മരിയ സിബിച്ചൻ





# ആശംസകൾ............



പ്രീയസുഹൃത്തുക്കളെ,

വിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതികവിഭാഗമായ കൈറ്റ്സിന്റെ ഹൈ ടെക് പദ്ധതിയുടെ ഭാഗമായ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐടി കൂട്ടായ്മ 2018-19-ൽ നമ്മുടെ സ്കൂളിൽ അരംഭിച്ചു. ഐറ്റി രംഗത്ത് കുട്ടികളടെ കഴിവുകൾ വർധിപ്പിക്കാൻ ഇത്തരം പദ്ധതികൾ വഴി സഹായകമാകുന്നു. കുട്ടികളുടെ സ്വതന്ത്രമായ വായനയ്ക്കും ചിന്തക്കും സർഗാത്മ ആവിഷ്കാരം ഇതിൽ ഒട്ടേറെ അവസരം ഒരുക്കിയിട്ടുണ്ട് .മികച്ച രിതിയിൽ പ്രവർത്തനം ചെയ്യാൻ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാണ്അധ്യാപകർ പരിശീലനം നൽകുന്നത് .

ലിറ്റിൽ കൈറ്റ്സിന്റെ ഒരു പ്രധാനപ്പെട്ട പ്രവർത്തനമാണ് ഡിജിറ്റൽ മാഗസിൻ. ഇവ നിർമ്മക്കുന്നതിന്റെ പ്രധാന ലക്ഷ്യം കുട്ടികളിലുള്ള കഴിവുകൾ വളർത്തിയെടുകുകയും ആത്മവിശ്വാസം വളർത്തിയെടുക്കുക എന്നതൊക്കെയാണ് .ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ..

ഹെഡ് മാസ്റ്റർ,

സിബിച്ചൻ ജേക്കബ്



# _നാലിതൾപ്പൂവ്



കുട്ടനൊരോമനപ്പൊൻപനിനീർച്ചെടി
മുറ്റത്തു നട്ടുനനച്ചിരുന്നു.
പൊടിത്തഴച്ചുതളിർത്തിളം കമ്പുകൾ
മുറ്റി വളർന്നതു മൊടണിഞ്ഞു.

ആരുമറിഞ്ഞതില്ലക്കരുനമൊട്ടിലുൾ
ച്ചേരുന്ന ചാരുരഹസ്യമൊന്നും.
ഉച്ചിക്കുട്ടുമയും പാറിച്ചുനിൽക്കുന്ന
കൊച്ചനെന്താവുമെന്നാർ ഗണിക്കും?

*ANEETA*

# പ്രകൃതി അമ്മയാണ്

പ്രകൃതി അമ്മയാണ്.പ്രകൃതിക്ക് ദോഷകരമയ ഒന്നും പ്രവർത്തിക്കരുത് നാം.

പരിസ്ഥിതിസംരക്ഷണത്തിൻെ പ്രാധാന്യ-
-ത്തെക്കുറിച്ച്  ഓർമ്മിക്കാനുള്ള അവസരമാ
യി  ഐകരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തി
ൽ1972 മുതലാണ് ലോക പരിസ്ഥിതിദിനം ആചരിച്ചു തുടങ്ങിയത്.

എല്ലാ മനുഷർക്കും ശുദ്ധ-
-വായുവും ശുദ്ധജലവും ജൈവവൈവിദ്യ-
-ത്തിന്റെ അനുഭവിക്കാനുള്ള അവകാശവും
സ്വാതന്ത്ര്യവുമുണ്ട് എന്ന സങ്കൽപ്പമാണ് ലോ
ക പരിസ്ഥിതിദിനത്തിന്റെ കാതൻ പ്യതീ-
-ക്ഷ കൈവിടാതെ മലിനീകരണത്തിനെതി-
-രായും വനനശീകരണത്തിനെതിരായും
പ്രവർത്തിക്കുകയാണ് പാരിസ്ഥിതിക സു-
-സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗം
ഭ്രുമിയെ സുരക്ഷിതവും ഭദ്രവുമായ ഒരു
ആവാസകേന്ദ്രമായി അടുത്ത തലമുറക്ക്
കൈമാറുകയും ചെയേണ്ടത് ആവശ്യമാണ്.

വനവശീകരണമാണ് പരി-
-സ്ഥിതി സംരക്ഷണത്തെ വിപരീതമായി-
-ബാധിക്കുന്ന ഒരു പ്രധാനഘടകം.
നമ്മുക്ക് നമ്മുടെ പ്യകൃതിയെ സംരക്ഷിക്കാം

സോനാ സെബാസ്റ്റ്യൻ

## അതിജീവനത്തിന്റെ പാഠങ്ങൾ

*പ്രളയദുരന്തത്തിൽ നിന്നും കരകയറാനുള്ള തീവ്രശ്രമത്തിലാണ് കേരളം . അദ്ഭുതപൂർവ്വമായ സഹകണത്തിനും ഔദാര്യത്തിനുമാണ് നാം സാക്ഷ്യവഹിക്കുന്നത്. ഭരണയന്ത്രവും പൊതുസമൂഹവും ഏകോപനത്തോടെ പ്രവർത്തിച്ചാൽ നമ്മുടെ ദേശത്തിന്റെ പുനർനിർമ്മാണം വേഗത്തിൽ സാധ്യമാകും അനുഭവങ്ങളിൽ നിന്ന് പാഠമുൾക്കൊള്ളാനും ശാസ്ത്രം നൽകുന്ന അറിവുകളെ സീകരിക്കാനും ഒരു ജനതയെന്ന നിലയിൽ നാം തയാറാകണമെന്നു മാത്രം .വികസനത്തേക്കുറിച്ചുള്ള കേരളീയന്റെ കാഴ്ചപ്പാടുകൾ മറേണ്ടതുണ്ട്. പ്രകൃതിവിഭവങ്ങളെ ഏറ്റവും സൂക്ഷ്മത്തോടെ വേണം നാം ഉപയോഗിക്കാൻ ഈ*

*ഭൂമിയിലുള്ള പരിമിതമായ വിഭവങ്ങളെ ഏറ്റവും സൂക്ഷ്മത്തോടെ ഉപയോഗിക്കണം . ഈ ഭൂമിലുള്ള പരിമിതമായ വിഭവങ്ങളും വരും തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ്. സമ്പുഷ്ടമായ മണ്ണും , ശുദ്ധജലവും ശുദ്ധവായുവും , മനുഷ്യരാശിയുടെ മാത്രമല്ല ജീവലോകം മുഴുവന്റെയും പൊതുസ്വത്താണ് .നമ്മൾ മനുഷ്യർ ഈ വിഭവങ്ങളും സൂക്ഷിപ്പുകൾ മാത്രമണ്.*

# <u>എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ</u>

ഒട്ടേറെ സക്കൂളുകൾ വിദ്യാലയപ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ മാഗസിനുകളും ക്ലസ്സ് മാഗസിനുകളും തയാറാക്കാറുണ്ട് .അവ കയെഴുത്ത് പ്രതികളായൊ ചിലപ്പോൾ അച്ചടി രൂപത്തിലായോ ആണ് പുറത്തിറങ്ങാറ് . ഹൈടെക് സൗകര്യങ്ങൾ നിലവിൽ വന്ന സ്കൂളുകൾക്ക് ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ അനായാസമായി ചെയ്യാനുള്ള സൗകര്യം ലഭ്യമാണ് . ഡിജിറ്റൽ രൂപത്തിൽ തയാറാക്കിയ ഫയലുകൾ , മീഡിയാ ഫയലുകൾ കൂടി ചേർക്കാവുന്ന രീതിയിൽ ഇ-പബ് രൂപത്തിൽ ഡിജിറ്റൽ മാഗസീനുകളായി ഇറക്കാനും സാധിക്കും .

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനം എന്ന നിലയിൽ ഒരൊ വർഷവും ഒരു സ്കൂൾ മാഗസീൻ പുറത്തിറക്കേണ്ടതുണ്ട് . എല്ലാ ക്ലസ്സുകളിലേയും കുട്ടികളുടെയും അധ്യപകരുടെയും സൃഷ്ടികൾ - കഥകൾ, കവിതകൾ, ലേകനങ്ങൾ,ചിത്രങ്ങൾ എന്നിവ അതിൽ ഉൾപ്പെടുത്തണം. മാഗസിൻ തയ്യാറാക്കാനുള്ള ആസൂത്രണംമുൻക്കൂ ചെയ്യണം. പത്രാധിപരേയും പത്രാധിപസമിതിയേയും മറ്റ് ചുമതലക്കാരേയും മുൻകൂട്ടി നിശ്ചയിക്കണം - ഇതിൽ വിദ്യാരംഗം സ്കൂൾതല ഭാരവാഹികളെയും ഉൾപ്പെടുത്താം . പ്രവർത്തനത്തിന്റെ

പൂർത്തികരണത്തിനുള്ള സമയക്രമവും തീരുമാനിക്കണം.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃതത്തിൽ മാഗസിൻ എഡിറ്റോറിയൽ അംഗങ്ങൾക്ക് മാസികാ നിർമാണത്തെക്കുറിച്ച് പരിശീലനം നൽകുക.ശേഖരി
ച്ച രചനകൾ അദ്ധ്യാപകരുടെ സഹായതോടെ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടൈപ്പ് ചെയ്യ്ത് ഒരുഫോൾഡറിൽ ശേഖ
രിക്കുക.കുട്ടികൾ പരിചയപ്പെട്ട ഇമേജ് എഡിറ്റിങ് സോഫ് റ്റ് വെയറുകളായ ജിമ്പിലോ ഇങ്ക്സ്കേപ്പിലോ കവർപേജുകളും തയ്യാറാക്കാവുന്നതാണ്.ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേ
തൃത്യത്തിവുനുലും സങ്കേതിക സഹായത്തിലും ആണ് ഈ പ്രവർത്തനങ്ങൾ നടക്കേണ്ടത്.

**ANEETA**

# <u>*പ്രളയാനന്തര ചിന്തകൾ*</u>


***കേരളചരിത്രത്തിൽ വേദനയുടെയും ദുരുതങ്ങളുടെയും കറുത്തതാളുകളിൽ ആഴത്തിൽ അടയാളപ്പെടുത്തുകയാണ് 2018 – ലെ പ്രളയം .സമൂഹം ഒറ്റക്കെട്ടായി പ്രളയത്തെ പൊരുതിതോൽപ്പിച്ച് സ്ഥിതിഗതികൾ ഏറെക്കുറെ നിയന്ത്രണവിധേയമാക്കി വരുന്ന പ്രളയവും അതു ബാക്കിവച്ച നാശനഷ്ടങ്ങളും . നൂറ്റാണ്ടുകൾ തോറും ആവർത്തിക്കപ്പെടുന്ന പ്രകൃതി ദുരന്തത്തിന്റെ അനിവാര്യമായ ഫലങ്ങൾ മാത്രമാണെന്നും , അതല്ല അവയൊക്കെ മനുഷ്യൻ പരിസ്ഥിയോട് ചെയതു കൊണ്ടിരിക്കുന്ന***

***അപരാധങ്ങൾക്കുള്ള മറുപടിയാണെന്നും ഉള്ള വാദഗതികൾ ഉയർന്നുവരുന്നു. അണ്ടുതോറും നമ്മുടെ സംസ്ഥാനത്ത് പ്രളയതീവ്രത വർദ്ധിച്ചുവരുന്നു. മഴവെള്ളം ഒഴുകിപോകേണ്ട പുഴകളുടെ നൈസർഗ്ഗികഗതിയെ നമ്മുടെ വീണ്ടുവിചാരമില്ലാത്ത നിർമ്മാണങ്ങൾ കൊണ്ടു തടഞ്ഞു.***

## കവിത

ജിവചക്രം

ഒരു പുഴവായ് പിറന്നവൻ
ഒരുനാൾ പൂമ്പാറ്റയായ് പറന്നു
പാറിപ്പറന്നരികിലെ ചെറു
പൂവിൻ തേൻ നുകർന്നു
അതുപൊലുമറിയാതെ പറ്റിപ്പിടിച്ചു
പൂമ്പൊടിയതിൻ മേനിയിൽ.



# പുതിയ കേരളം

**മാരി  വന്നു പെയ്തിടുന്നു**

**പുഴകളെല്ലാം നിറഞ്ഞിടുന്നു**

**അലകലാൽ താളംപിടിച്ച-**

**തിരകളായ് ഒഴുകവേ-**



## _ലഹരി വിരുദ്ധ കേരളം

ഇന്ത്യയിൽ ലഹരി മരുന്നിന്റെ ഉപയോഗം വ്യാപകവും സങ്കീർണ്ണവുമാണ്. സമൂഹത്തിലെ  എല്ലാ തലങ്ങളിലും ലിംഗഭേദമന്യേ ലഹരി ഉപയോഗിക്കുന്നു. ഐക്യരാഷ്ട്ര

സംഘടനയുടെ കണക്കുപ്രകാരം പത്തുലക്ഷത്തോളം ഇന്ത്യക്കാർ ഹെറോയിൽ എന്ന ലഹരിമരുന്നിന് അടിമകളാണ്

യഥാർഥത്തിലുള്ളത് ഇതിന്റെ എത്രയോ ഇരട്ടിയായിരിക്കും

കഞ്ചാവ് ,കറുപ്പ്,ഹെറോയിൻചിലതരം അലോപ്പതി ഔഷധങ്ങൾ എന്നിവയാണ് ഇന്ത്യയിൽ പ്രധാനമായും

ഉപയോഗിക്കപ്പെടുന്ന  ലഹരിമരുന്നുകൾ.ഇതിൽതന്നെ

കഞ്ചാവിൽനിന്ന്   ഉൽപാദിപ്പിക്കപ്പെടുന്നു.അതുപോലെ ചില പ്രത്യേകതരം  വേദനസംഹാരികളും കഫ് സിറപ്പുകളും ആശങ്കാജനകമായ രീതിയിൽ  ദുരുപയോഗം

ചെയ്യപ്പെടുന്നുണ്ട്.

ഞരമ്പുകളിലൂടെ ലഹരിമരുന്ന് കുത്തിവയ്ക്കുന്നവരും ലഹരിയിൽ മുങ്ങി സുരക്ഷില്ലാത്ത  ലൈംഗിക  ജീവിതം നയിക്കുന്നവരും എയ്ഡ്സ് പോലുള്ള മഹാരോഗങ്ങൾക്ക് അടിമപ്പെടുകയും അവയുടെ വാഹകരാവുകയും ചെയ്യുന്നവരും സമൂഹത്തിന്റെ

ഭാഗമാണ്.  ലഹരിമരുന്നിന്റെ വ്യാപനത്തിനും ഉപയോഗത്തിനും

**സാമൂഹികവും സാമ്പത്തികവും സംസ്കാരികവുമായ പല ഘടകങ്ങളുടെയും സ്വാധീനമുണ്ട്.**

Sports



ബാസ്കറ്റ്ബോൾ
സീനിയർ ചാമ്പ്യൻസ്

ബാസ്കറ്റ്ബോൾ
ജൂനിയർ ചാമ്പ്യൻസ്





അക്വാട്ടിക്സ് ചാമ്പ്യൻസ്

ക്രിക്കറ്റ് ജൂനിയർ റണ്ണർ-അപ്



# കട്ടംകാപ്പി

പറയാകതെ പറയുനന്ന
കട്ടംകാപ്പി മിഴിയുള്ള കരളെ
നിൻ കനവുണ്ടെൻ കണ്ണിൽ (2)



കടലോളം സ്നേഹം
ഉള്ളിലുള്ളിലുമണ്ട്
പറയാനായ് പലതും
കാത്തുവച്ചതെല്ലാം
നിൻ കട്ടംകാപ്പി മിഴിയൊന്നു
കാണാൻ

ഞാനുമാ ആ......
കടലിൻ കടവത്തു  കാത്തു

തേനായി ..... സ്നേഹം
തേൻവരിക്കയായി